നള്ള കച്ചവടക്കാർ കൂടുകയാണെങ്കിൽ ഒരുപക്ഷെ നല്ല വില കിട്ടുമായിരിക്കാം. എന്നാൽ കച്ചവടക്കാർ കുറവാണെന്ന വരികിൽ അതിന്ന അന്യായമായ വില കിട്ടുകയും ഇല്ല. ഇതു ധനതത്വശാസ്ത്രത്തിന്റെ ഒരു വകഭേദം മാത്രമാണ്. വേറെ ചന്ത അന്വേഷിച്ചു പോകാനുള്ള സൌകര്യം കിട്ടുകയില്ല. അതുകാരണം അവക്ക് ഉദ്ദേശിച്ചവില കിട്ടുവാൻ പ്രയാസമാണ്. അടക്കവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒരു കൊച്ചൊപ്പറേറ്റീവ് സൊസൈറ്റി ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഗവർമ്മെണ്ട് ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം എന്നു പറയുന്നതു് ഉപകാരപ്രദമാണ്. അതിനോട് ഞാൻ യോജിച്ചുകൊണ്ടു എന്റെ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Demand under 10—Excise, put and carried.

II. 7.—Excise, Cranganur.

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 5,520 under '7 Excise, Cranganur.'

Mr. E. Ikkanda Warriar (*Prime Minister*): I second it.

Demand put and carried.

III. 20—Law and Justice

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 3,67,654 under '20 Law and Justice' State.—

Mr. E. Ikkanda Warriar (*Prime Minister*): I second it.

Mr. President: There are cut motions under this and we are allotting one hour for this.

CUT MOTION No. 1

മിസ്റ്റർ എ. എം. തോമസ്സ്: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

To reduce the allotment of Rs. 14,873 for B. Civil Justice Establishment in Demand No. 20 by—Re. 1. (To bring to the notice of the Government itnordinate delay in publication of the Cochin Law Reports and to request the Government to take suitable measures to avoid the said delay.)

സർ, ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതിനു പ്രത്യേകിച്ചു അഭിഭാഷക ദ്രോഹപക്ഷമുള്ള ഇന്നത്തെ മന്ത്രിസഭ നിലവിലുള്ളപ്പോൾ ഒരു വലിയ പ്രസംഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നു നമുക്കു കിട്ടിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹമാണ് ഇന്നത്തെ സിസ്റ്റം "ജൂഡീഷ്യൽ". ഇംഗ്ലീഷ് ജൂഡീഷ്യറിയെ അനുകരിച്ചു, ഇവിടത്തെ ജൂഡീഷ്യറി നടത്തിക്കൊണ്ടുപോകുന്നതിനു ലോ റിപ്പോർട്ടുകൾ അത്യന്താപേക്ഷിതമാണ്. ഈ റിപ്പോർട്ടുകൾ പൊതുജനങ്ങളുടെ അറിവിന്നായി തക്ക സമയത്തു എത്തിച്ചുകൊടുക്കുക എന്നുള്ളതു ഗവർമ്മെണ്ടിന്റെ പ്രാഥമികധർമ്മം മാത്രമാണ്. എന്നാൽ നമ്മുടെ ഗവർമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ കേവലം അനാസ്ഥയാണ് പ്രകടിപ്പിച്ചു വന്നിട്ടുള്ളതു് എന്നുള്ളതു വ്യസനസമേതം പറയാതെ നിവർത്തിയില്ല. Cochin Law Reports ൧൯൨൭ മുതൽ പബ്ലിഷ് ചെയ്തുതുടങ്ങി. ൧൯൨൦ വരെ അതു നാലു മാസം കൂടുമ്പോൾ ആയിരുന്ന പ്രസിദ്ധപ്പെടുത്തിയിരുന്നതു്. ൧൯൨൦ മുതൽ അതു മാസാന്തരം പബ്ലിഷ് ചെയ്യണമെന്നാക്കിട്ടുണ്ട്. ൧൯൨൯ വരെ നിലനിന്നിരുന്ന subscription രൂപ ആയിരുന്നതു ൧൯൩൪ മുതൽ ൧൦ രൂപ ആക്കീട്ടുണ്ട്. അതിന്റെ subscription കൂട്ടിട്ടു അതു വേണ്ട സമയത്തു പബ്ലിഷ് ചെയ്യുന്നില്ല എങ്കിൽ അതിൽ ഞങ്ങൾക്കു പ്രതിഷേധമുണ്ട്. ലെജിസ്ലേഷൻ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കാലത്തു Law Reports കൃത്യസമയത്തിന്നു പബ്ലിഷ് ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു് ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാതെ നിവർത്തിയില്ല. ൧൯൨൬ കർക്കടകമാസത്തെ ഇഷ്യു ഈ മാസം ആദ്യമാണ് കിട്ടിയിരിക്കുന്നതു്. ൧൯൨൯ കുംഭമാസത്തെ ഇഷ്യു കഴിഞ്ഞ കന്നിമാസം ൧൫-ാംതീ- ആണ കിട്ടിയതു. ഇന്നത്തെ പത്രം നാളത്തെ തിയ്യതിവെച്ചു അടിച്ചുവിടുന്ന ഈ കാലത്തു Law report-കൾ ഇത്രയും വൈകി കിട്ടുന്നതു ഏറ്റവും ശോചനീയമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ൧൯൨൯-ൽ പുറപ്പെടുവിച്ചിട്ടുള്ളതും ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ളതുമായ രൂപകം അനുസരിച്ചാണ് Law Reporting നടത്തിവരേണ്ടതു്. ടി രൂപകളിൽ ൫-ം, ൬-ം രൂപകം താഴെ ഉദ്ധരിക്കുന്നു.

Rule 5.—Judgments of one month should be publishd within eight weeks of their pronouncement within two weeks of the date of receipt by the Law Reporter of the last judgment after approval by the Judges manuscript of the part should be sent to the press and within one

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. M. Thomas]

month of the receipt by the Press of the manuscript they should publish the Part of the Law Reports.

Rule 6.—As soon as all parts are published the annual index of the Cochin Law Reports should be prepared and published.

ഞാൻ മുമ്പുപ്രസ്താവിച്ചിട്ടുള്ള സംഗതികളും ഈ Rules-ക്കൂടി നോക്കുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ ചെയ്തിട്ടുള്ള Rules "വൈലോറ" ചെയ്താണു് അവയെ അനുസരിക്കുന്നതെന്നു വിശദമാണു്. ഈ നിലക്കു ഒരു പരിഹാരം വരുത്തണമെങ്കിൽ അതിലേക്കു ഗവൺമെണ്ടിന്റെ ഗാഢമായ ശ്രദ്ധ പതിയണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിക്കുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ൧൯൫൦ കക്കടകത്തിലെ Cochin Law report കഴിഞ്ഞ കുന്നിമാസത്തിൽ ആണു കിട്ടിയതു് എന്നു പറയുന്നതാലോചിച്ചാൽ ഗവൺമെണ്ടിന്റെ അനാസ്ഥ എത്രത്തോളമുണ്ടെന്നു മനസ്സിലാകും. ഞങ്ങൾക്കാണെങ്കിൽ അപ്പോഴപ്പോൾ ഉണ്ടാകുന്നവിധി അപ്പോഴപ്പോൾ അറിയേണ്ടതായ ആവശ്യമുണ്ടു്. ഇപ്പോൾ ഞങ്ങൾ ഇതു മനസ്സിലാക്കുന്നതു് എറണാകുളത്തു വരുമ്പോഴും മറ്റുമാണു്. ചിലപ്പോൾ അന്യായം കൊടുത്താൽ പുതിയ വിധിപ്രകാരം കേസ്സു തള്ളിക്കളയുമ്പോഴാണു്, ഇങ്ങിനെ ഒരുവിധി ഉണ്ടായിരുന്നുവെന്നു ഞങ്ങളറിയുന്നതു്. വക്കീലന്മാർ അപ്പോഴപ്പോഴുണ്ടാകുന്ന വിധികളറിഞ്ഞിരിക്കുകയില്ലെങ്കിൽ അവക്കു നിയമമറിയുകയില്ലെന്നു പരാതിയുണ്ടാകും. അതുകൊണ്ടു് ഒരു മാസത്തിലുണ്ടാകുന്ന വിധികളുടെ റിപ്പോർട്ടു് അടുത്തമാസം ൧൫-ാംനു-ക്കകം കിട്ടാനുള്ള ഏർപ്പാടു ചെയ്യണം. വൃശ്ചികമാസത്തെ റിപ്പോർട്ടു് ധനുമാസം ൧൫-ാംനു-ക്കു് പബ്ലിഷ് ചെയ്യാനുള്ള ഏർപ്പാടുചെയ്യണം. അങ്ങിനെ ചെയ്താൽ കേസ്സുകൊടുക്കുന്ന കക്ഷികൾക്കും, വക്കീലന്മാർക്കും അതുകൊണ്ടു് ഗുണമുണ്ടാകും. അതുകൊണ്ടു് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട നിയമമന്ത്രി വേണ്ടതു പ്രവൃത്തിക്കണമെന്നപേക്ഷിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോർട്ടിൽ നിന്നും ലോറിപ്പോർട്ട പ്രസിദ്ധപ്പെടുത്തുന്നതിൽ വരുന്ന കാലതാമസത്തെപ്പറ്റി ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ ചെയ്ത പ്രസ്താവനയിൽ അശേഷം അതിശയോക്തിയില്ലെന്നു ഇജ്ജയോടുകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. ൧൯൫൮ കക്കടകത്തിലെ റിപ്പോർട്ടു കഴിഞ്ഞു ദിവസംമുമ്പാണു് പുറത്തായതു് എന്നു പറഞ്ഞു. അതുമാതിരി ൧൯൫൯ മീനമാസത്തിലെ റിപ്പോർട്ടു പുറത്തുവന്നിട്ടില്ല. ഇങ്ങിനെ റിപ്പോർട്ടുകളും തക്കസമയത്തു പുറത്തുവരാത്തതുകൊണ്ടുള്ള അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും എത്രമാത്രമുണ്ടെന്നു് ആരും പറയാതെതന്നെ എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇത്തവണ ഞാൻ ഉദ്യോഗത്തിൽ പ്രവേശിച്ചശേഷം എന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞ കാര്യങ്ങളിൽ ഒന്നു ലോറിപ്പോർട്ടുകളും അതാതുമാസം പുറത്തുവരേണ്ട കാര്യത്തെപ്പറ്റിയായിരുന്നു. അതനുസരിച്ചു് ഈ ഖണ്ഡനോപക്ഷേപത്തിന്നു നോട്ടീസ്സു കിട്ടുന്നതിന്നുമുമ്പുതന്നെ ഗവൺമെണ്ടു് ഇതിന്നുവേണ്ട നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ അതാതുമാസത്തെ റിപ്പോർട്ടുകളും പഴയവകയിൽ ഓരോ മാസത്തേയും മാസംതോറും പ്രസിദ്ധംചെയ്യാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. അങ്ങിനെ ചെയ്യുന്നതായാൽ മകരം കുംഭത്തോടുകൂടി കൂടിശ്ശിഖതീർത്തു അതതുമാസത്തെ റിപ്പോർട്ടു പ്രസിദ്ധം ചെയ്യാൻ സാധിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കൊച്ചി ഗവൺമെണ്ടു പ്രസ്സിൽ ചെയ്തിട്ടുള്ള ഈ ഏർപ്പാടു് ഏതെങ്കിലും വിധത്തിൽ നടക്കാതെ വരികയാണെങ്കിൽ പ്രൈവറ്റു് പ്രസ്സിൽ പ്രിൻറു ചെയ്യാനും ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇതിന്നുവേണ്ട പരിഹാരം ഉടനെ ഉണ്ടാകുമെന്നു ഗവൺമെണ്ടു പറയുന്നതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിക്കുവാൻ ബഹുമാനപ്പെട്ട മെമ്പറോടപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡീവർ: ഇതിന്റെ കാരണമെന്താണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ആളുകളുടെ വീഴ്ചമൂലമാണോ അതോ സാമഗ്രികളുടെ കുറവുകൊണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പണിത്തിരക്കുകൊണ്ടു് ബാക്കിവെക്കുന്നു എന്നാണു കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എം. തോമസ്സ്: ബഹുമാനപ്പെട്ട നിയമമന്ത്രി ചെയ്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു കൊള്ളുന്നു.

Motion, by leave withdrawn.

CUT MOTION No. 2.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

To reduce the allotment of Rs. 3,490 for Law and Justice B-2. District Court-Official Receivers in Demand No. 20 by Re. 1. (Official Receivers to be only part time Officers as before.)

ഇപ്പോഴത്തെ റസീവർമാർ ഇവിടത്തെ മുഴുവൻസമയവും ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരാണ്. മുഴുവൻസമയവും ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ ഇതിനു വച്ചിട്ടുള്ളതു് അനാവശ്യമാണ്. ഇതിനു മുമ്പു് ഇവിടെ നിലവിലുണ്ടായിരുന്ന സമ്പ്രദായംപോലെ ഇങ്ങിനെയുള്ള ആവശ്യം വരുമ്പോൾ, അഭിഭാഷകന്മാർക്കു കമ്മീഷൻകൊടുത്തു പ്രവർത്തിക്കുന്നതായാൽ മതിയെന്നുള്ള വിവരം ഗവൺമെണ്ടിനെ അറിയിക്കാൻവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനുവേണ്ടി ഉദ്യോഗം സൃഷ്ടിക്കുന്നതിനുമുമ്പു് ഇവിടെ ഉണ്ടായിരുന്നസമ്പ്രദായം മതിയാകുമോ ഇല്ലയോ എന്നു തീരുമാനിച്ചതിനുശേഷം വേണ്ടിയിരുന്നു. അടുത്ത കാലത്താണ് ഇങ്ങിനെ ഒരു പരിഷ്കാരം ഫലത്തിൽ വരുത്തിയിട്ടുള്ളതു്. ഇങ്ങിനെ ഒരു പരിഷ്കാരം വരുത്തേണ്ട ആവശ്യത്തിന്റെ ഗുണദോഷസ്വഭാവത്തെപ്പറ്റി ചിന്തിച്ചാൽ ഇതു് ആവശ്യമില്ലെന്നു മനസ്സിലാകും. ചിലവിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളരെ ചിലവു വരുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതു്. മറ്റു നിലയിലും ഇതിനെ സംബന്ധിച്ചാലോചിച്ചു നോക്കിയാൽ ഒരു വിധത്തിലും ആവശ്യമില്ലാത്ത ഒരു പരിഷ്കാരമാണ് ഇപ്പോൾ ഗവൺമെണ്ടു് ഏർപ്പെടുത്തിയിട്ടുള്ളതു് എന്നു എനിക്കു സിദ്ധിച്ചിട്ടുള്ള പരിചയത്തിൽനിന്നു പറയാൻ സാധിക്കും. നിഷ്പക്ഷന്മാരെ സംബന്ധിച്ചിടത്തോളം ഉള്ള പ്രത്യേക നിയമം നടപ്പിൽ വന്ന കാലം മുതൽ, ഇതേവരെ ഉണ്ടായിരുന്ന സമ്പ്രദായമായിരുന്ന നിലവിലുണ്ടായിരുന്നതു്. ഈ കാലത്തിനിടയിൽ ഭരിക്കുവാൻ വളരെ ഏസ്റ്റേറ്റുകൾ ഉണ്ടായിരുന്നതും ഇല്ലാത്തതും ആയ കാലഘട്ടങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇതേവരെ ആ സമ്പ്രദായത്തോടു് ഒരു വിഭാഗക്കാരും ആക്ഷേപം പ്രദർശിപ്പിച്ചിട്ടുള്ളതായി അറിവില്ല. സർ, അതിനും പുറമെ ഈ പരിഷ്കാരം വരുത്തീട്ടുള്ള പരിതഃസ്ഥിതിയേയും ഈ പരിഷ്കാരം ഇവിടെ ആവിർഭവിച്ചിട്ടുള്ളതു സംബന്ധിച്ചു ചില സംഭവഗതികളേയും നോക്കുമ്പോൾ ഈ പ്രശ്നത്തിന്റെ ഗുണദോഷത്തേക്കാൾ മറ്റു പരിഗണനകൾ ഈ പുതിയ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു പ്രേരകമായിട്ടുണ്ടെന്നുള്ളതു തോന്നാൻ ഇടയുണ്ടു്. ഈ ഉദ്യോഗസ്ഥന്മാരെ നിയമിച്ചതുകൊണ്ടുള്ള സാദ്ധ്യതകൾ എന്തുതന്നെ ആയാലും അവർ ചില ഉന്നതസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതുകൊണ്ടു് അവർക്കു് ഉദ്യോഗം കൊടുക്കേണ്ടതായ ആവശ്യത്തിനുവേണ്ടിയാണു് മുഴുവൻ സമയവും ജോലിയെടുക്കുന്ന ഈ സമ്പ്രദായം വരുത്തിയതു എന്നു പരാതി നാട്ടുകാരുടെ ഇടയിൽ പരന്നിട്ടുണ്ടു്. അതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു് എനിക്കു നിശ്ചയമില്ല. ഈ പരിഷ്കാരം ഇവിടെ നടപ്പിൽ വരുത്തിയകൂട്ടത്തിൽ, ആ സ്ഥാനത്തിരുന്നിരുന്ന ചില ആളുകളെ തട്ടിനീക്കി പുതിയ ചില ഉദ്യോഗസ്ഥന്മാരെ അതിൽ നിയമിച്ചതും അതുപോലെ നിയമസഭ നിലവിലില്ലാതിരുന്നകാലത്തു് നിയമസഭയിൽവന്ന വിമർശനംചെയ്തു് അഭിപ്രായം പറയുന്നതിനുള്ള അവസരമില്ലാത്ത സമയത്തു് അതും ആവശ്യപ്പെടാത്ത ഈ പരിഷ്കാരം നിയമവകുപ്പിൽ ഉണ്ടാക്കിയതും നിന്ദ്യവും ആക്ഷേപാർഹവുമായ ഒരു സംഗതിയാണ്. ഈ തസ്തികകൾ പുതിയ രീതിയിൽ സൃഷ്ടിക്കാൻ കാരണക്കാരനായ ബഹു: മന്ത്രി, യാതൊരു പൊതുക്കാര്യത്തേയും പരിഗണിച്ചില്ല അപ്രകാരം ഉദ്യോഗങ്ങൾ ഉണ്ടാക്കി ഇന്നു് ആ സ്ഥാനങ്ങളെ അലങ്കരിക്കുകയോ അലങ്കോലപ്പെടുത്തുകയോ ചെയ്യുന്ന ആ മാന്യന്മാരെ അവിടെ വെച്ചതു് എന്നു് ഒട്ടും അഭിമാനകരമല്ലാത്ത ഒരു ആരോപണം, ഭരണാധിപന്മാരുടെ നേർക്കു് പ്രചരിച്ചിട്ടുണ്ടു്. ഈവക സംഗതികളെ സ്പർശിക്കാതെതന്നെ, ഇവിടെ ഇപ്പോൾ വരുത്തിയിട്ടുള്ള ഈ പരിഷ്കാരത്തെ മാത്രം ആലോചിച്ചു മുഴുവൻസമയവും ജോലിയെടുക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഈകാര്യത്തിനു് ആവശ്യമാണെന്നുള്ള ഗവൺമെണ്ടാലോചിക്കണമെന്നാണ് എന്റെ അഭിപ്രായംപ്രത്യേകിച്ചും വ്യയലഘൂകരണംചെയ്യേണ്ടുന്ന ഈകാലത്തു് സംശയഗ്രസ്തമായ ഗുണം മാത്രം ഉണ്ടാകുന്ന ഈവക ഉദ്യോഗങ്ങൾ ആയിരിക്കണം പ്രഥമഗണനീയമായി വെട്ടിക്കുറക്കപ്പെടേണ്ടവ. ഇതു് അനാവശ്യമാണെന്നു പറയാൻവേണ്ടിയാണ് ഞാൻ ഈ ഉപ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

ക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇത്രമാത്രമാണു് എനിക്കു ഇതിനെ സംബന്ധിച്ചു പറയുവാനുള്ളതു്.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഒഫീഷ്യൽ റസീവർമാരുടെ ഉദ്യോഗം സ്ഥിരമായ ഉദ്യോഗമാണു്. മറ്റു സക്കാർ ഉദ്യോഗസ്ഥന്മാരുടെ മാതിരി മുഴുവൻ സമയവും ജോലിയെടുക്കുന്ന ഒരു സമ്പ്രദായമാക്കിട്ടുണ്ടു്. അതു് പണ്ടത്തെമാതിരിയാക്കണം എന്നുള്ളതാണു് ബഹുമാനപ്പെട്ട അവതാരകൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. ഇപ്പോഴുള്ള വ്യത്യാസം വന്നിട്ടു് അഞ്ചാറുമാസമെ ആയിട്ടുള്ളു. കൂടക്കൂടെ ഇമ്മാതിരി കാര്യങ്ങളിൽ വ്യത്യാസം വരുത്തുന്നതിനു സാധ്യമല്ല. എന്തെങ്കിലും വ്യത്യാസം വരുത്തുന്നതിനു മുമ്പു് അതിന്റെ സകല വശങ്ങളേയും പറ്റി നല്ലപോലെ ആലോചിച്ചതിനുശേഷമെ ഗവമ്മെണ്ടു് എടുപ്പെട്ടകയുള്ളു. എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും വ്യയലഘൂകരണത്തെപ്പറ്റി ആലോചിക്കുന്നുണ്ടു്. അങ്ങിനെയുള്ള ഇമ്മയവസരത്തിൽ ഈമാതിരി ഡിപ്പാർട്ടുമെണ്ടിലേയും വ്യയലഘൂകരണത്തെപ്പറ്റി ആലോചിക്കുമ്പോൾ ഇങ്ങിനെയുള്ള ഉദ്യോഗം ആവശ്യമാണോ എന്നും ഇതു നിറുത്തലാക്കുന്നതുകൊണ്ടു് വല്ല ദോഷവും വരാനുണ്ടോയെന്നും പരിശോധിച്ചശേഷം യാതൊരു ദോഷവും വരാനില്ലെന്നു ബോദ്ധ്യപ്പെട്ടാലല്ലാതെ ഈ ഉപക്ഷേപത്തിൽ അടങ്ങിയ കാര്യങ്ങൾ സാധികരിയ്ക്കുവാൻ നിവൃത്തിയില്ല. അതിനെപ്പറ്റിയുള്ള പ്രശ്നങ്ങൾ ആലോചനയിൽ ഇരിക്കുകയാണു്. അങ്ങിനെ ഈകാര്യം ആലോചനയിൽ ഇരിക്കുന്നതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിയ്ക്കുവാൻ എന്റെ ബഹുമാനപ്പെട്ട സുഹൃത്തിനോടു് ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ പി. കെ. ഡീവർ: ബഹുമാനപ്പെട്ട നിയമ മന്ത്രി, ഇതിനുമുമ്പു മന്ത്രിയായിരുന്ന കാലത്തു് ഈ സംഗതി ഗവമ്മെണ്ടിന്റെ ആലോചനയിൽ വരുകയും അന്നു മുഴുവൻ സമയവും ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ആവശ്യമില്ലെന്ന തീരുമാനം ഗവമ്മെണ്ടു് എടുക്കുകയുമുണ്ടായിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നിലവിൽ ഇരിക്കുന്ന കാര്യത്തിൽ ഒരു വ്യത്യാസം വരുത്തുന്നതിനുള്ള തീരുമാനം എടുക്കുകയുണ്ടായില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് വേണമെന്നുള്ള നിർദ്ദേശം വന്നപ്പോൾ ആവശ്യമില്ലെന്നല്ലേ നിശ്ചയിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കാര്യം ഇതിനുമുമ്പു് ആലോചനയ്ക്കു വന്നപ്പോൾ വേണമെന്നുവെച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഉദ്യോഗം സൃഷ്ടിയ്ക്കുവാനുണ്ടായ പരിതഃസ്ഥിതിയേയും ബാക്കു് ഗ്രൗണ്ടിനേയുംക്കുറിച്ചു ഗവമ്മെണ്ടു് ആലോചിച്ചുകൊണ്ടു ഈ ഉദ്യോഗനിയമനത്തിനുള്ള ഉത്തരവാദിത്വം ആരിലാണു് ഉള്ളതെന്നു അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒഫീഷ്യൽ റിസീവർമാർ ആവശ്യമാണെന്നുള്ളതു് ഗവമ്മെണ്ടിനു തോന്നിയാൽപിന്നെ അതിന്റെ ബാക്കു്ഗ്രൗണ്ടിനെപ്പറ്റി ആലോചിയ്ക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള സംഗതി ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

CUT MOTION No. 3

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണു്. *To reduce the allotment of Rs. 54,437 for Law and Justice B. (2) District courts in Demand No. 20 by—Re. 1 (To discuss the question of the transfer of the Mukundapuram jurisdiction to the Trichur District Court.)*

സർ, ഇരിങ്ങാലക്കുട മുൻസിഫ്കോടതിൽ ഉണ്ടാകുന്ന വിധിയിന്മേലുള്ള അപ്പീൽ തൃശ്ശൂർ ഡിസ്ട്രിക്ടു് കോടതിയിലേക്കു വിട്ടുകൊടുക്കുകയെന്നുള്ളതാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു്. അതുപോലെ ക്രിമിനൽ അപ്പീലിന്മേലുള്ള അധികാരവും തൃശ്ശൂർ ഡിസ്ട്രിക്ടു് കോടതിയിലേക്കു വിട്ടുകൊടുക്കണമെന്നും ഉദ്ദേശമുണ്ടു്. ഞാൻ ഈ ഉപക്ഷേപം ഇവിടെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കുമ്പോൾ എനിയ്ക്ക് എറണാകുളത്തു പ്രാക്ടീസു ചെയ്യുന്ന വക്കീലന്മാരെ ഉപദ്രവിയ്ക്കണമെന്ന വിചാരമില്ല. അതുപോലെ തൃശ്ശൂരിൽ പ്രാക്ടീസു് ചെയ്യുന്ന വക്കീലന്മാക്ക് ഗുണം ചെയ്യണമെന്നും ഉദ്ദേശമില്ല. മുകുന്ദപുരം താലൂക്കിലെ ജനങ്ങളുടെ ഗുണത്തിന്നും അവിടെ വ്യവഹാരത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ സൌകര്യത്തിന്നുംവേണ്ടി മാത്രമാണ് ഇങ്ങിനെയുള്ള ഒരു ഉപക്ഷേപം ഇവിടെ അവതരിപ്പിയ്ക്കാനിടയായതു്. ഇന്നു തൃശ്ശൂർ ഡിസ്ട്രിക്ട് കോട്ടിൽനിന്നു വളരെയധികം കേസ്സുകൾ ചിറ്റൂരിൽ പുതിയതായി സ്ഥാപിച്ചിട്ടുള്ള കോടതിയിലേക്കു മാറ്റിയതുകൊണ്ടു് അവിടെ ജോലികൾ കുറഞ്ഞിരിക്കുകയാണു്. തൃശ്ശൂരിൽ രണ്ടു കോടതികൾ ഉണ്ടു് ഒരു ഡിസ്ട്രിക്ട് കോട്ടും, അഡീഷനൽ ഡിസ്ട്രിക്ട് കോട്ടും. അഡീഷനൽ ഡിസ്ട്രിക്ട് കോട്ടിൽ വേണ്ടിടത്തോളം ജോലികൾ ഇല്ലാതെയാണു് ഇരിക്കുന്നതു്. അതുപോലെതന്നെ എറണാകുളത്തുള്ള മുന്നു കോടതികൾക്കും വേണ്ടിടത്തോളം ജോലിയില്ലെന്നാണറിയുന്നതു്. അങ്ങിനെ ഇരിയ്ക്കെ അവിടത്തെ അപ്പീലധികാരം തൃശ്ശൂർ ഡിസ്ട്രിക്ട് കോട്ടിലേയ്ക്കു മാറ്റിയാൽ തൃശ്ശൂരിലെ അഡീഷനൽ ഡിസ്ട്രിക്ട് കോട്ടിനു ശരിയായ ജോലിയുണ്ടാകും, എറണാകുളത്തെ ഒരു കോടതി വേണ്ടെന്നുവെയ്ക്കുവാനും സാധിയ്ക്കും. മുകുന്ദപുരം തൃശ്ശൂരിനോടാണ് എറണാകുളത്തെ അപേക്ഷിച്ചു് അടുത്തുകിടക്കുന്നതു് വഴിയാത്രയ്ക്കുള്ള സൌകര്യവും തൃശ്ശൂർക്കാണു്. മുകുന്ദപുരത്തുനിന്നു് ഒരാൾ എറണാകുളത്തു കേസ്സു നടത്തുവാൻ വരുകയാണെങ്കിൽ പണച്ചിലവുകൂടും, വളരെയധികം ചിലവഴിക്കേണ്ടതായും വരും. മുകുന്ദപുരം നിവാസികളുടെ ഒരു ഹിതപരിശോധന ഇക്കാര്യത്തിൽ നടത്തുകയാണെങ്കിൽ തീർച്ചയായും ഒരു വ്യക്തിപോലും എന്റെ ഉപക്ഷേപത്തിനു് എതിരായിരിക്കുകയില്ലെന്നു് എനിക്കു് പൂർണ്ണബോദ്ധ്യമുണ്ടു്. മുൻകാലങ്ങളിലും ഇക്കാര്യത്തെ സംബന്ധിച്ചു ഈ കൌൺസലിനു അകത്തും പുറത്തും വളരെയധികം വാദപ്രതിവാദങ്ങളും നടത്തിയിട്ടുണ്ടു്. ഇത്തവണയെങ്കിലും ഗവണ്മെണ്ടിൽനിന്നും അനുകൂലമായ ഒരു മറുപടി കിട്ടുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു് മുകുന്ദപുരം നിവാസികളുടെ ആവശ്യത്തിനുവേണ്ടിയാണു് ഈ കട്ടമോഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

Dr. C. L. Joseph *(Irinjalakkuda)* : I believe it is a very highly necessary change. Some parts of the Mukundapuram Taluk are only six or seven miles from Trichur and people from Puthukad are asked to go all the way to Ernakulam to conduct their business. It is really hard. If Irinjalakkuda was connected with Trichur you will find that they can go to Trichur and return the same day. Here it is not possible. So it is highly necessary.

മിസ്റ്റർ വി. കെ. ജോസഫ്: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. പൊതുജനങ്ങളുടെ സൌകര്യമനുസരിച്ചു നോക്കുമ്പോൾ ഇതിൽ പറഞ്ഞിരിക്കുന്ന കാര്യം തികച്ചും അത്യാവശ്യമായിട്ടുള്ളതാണു്. ഇന്നു മുകുന്ദപുരം താലൂക്കിൽ രണ്ടു കോടതികളാണുള്ളതു്; ഒരു മുൻസിഫ്കോർട്ടും ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടുകോർട്ടും. ആ മുൻസിഫ് കോട്ടിന്റെ അപ്പീലധികാരം അഞ്ചിക്കയ്മൽ ഡിസ്ട്രിക്ട് കോട്ടിലേക്കാണു് കൊടുത്തിരിക്കുന്നതു്. മുകുന്ദപുരം നിവാസികൾക്കു് ഇങ്ങോട്ടു വരുന്നതിനു വളരെ അസൌകര്യങ്ങളും യാത്രച്ചിലവും വരുന്നുണ്ടു്. പൊതുജനങ്ങൾക്കു വളരെ സൌകര്യമുണ്ടാകുന്ന കാര്യമാണു് അവിടത്തെ മുൻസിഫ് കോട്ടിന്റെ അപ്പീലധികാരം തൃശ്ശൂർക്കു് മാറ്റുകയെന്നുള്ളതു്. മുകുന്ദപുരം താലൂക്കിൽ ഒരു ജില്ലാക്കോടതി സ്ഥാപിച്ചു കിട്ടണമെന്ന മുറവിളി തുടങ്ങിയിട്ടു കാലം വളരെയായി. അതു് വേണ്ടെന്നു പറയാൻ തയ്യാറില്ല. പക്ഷെ അതു് ഉണ്ടാക്കികിട്ടുന്നതുവരെയെങ്കിലും, അവിടത്തെ മുൻസിഫ് കോടതിയുടെ അപ്പീലധികാരം തൃശ്ശൂർ ഡിസ്ട്രിക്ട് കോട്ടിനു കൊടുത്തുകൊണ്ടു് ഒരു കല്പനയുണ്ടാകുന്നതു വളരെ നന്നായിരിക്കും. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സർ, ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളെ സംബന്ധിച്ചു് എനിക്കൊരു വാക്കു പറയുവാനുണ്ടു്. ഫറോൻ ൫-ൽ പരുവക്കാട്ടു നാരായണമേനോൻ ഇവിടെ ദിവാൻജിയായിരുന്ന കാലത്തു പുകുന്ദപുരം താലൂക്കിലെ അധികാരാർത്തി തൃശ്ശൂർ ഡിസ്ട്രിക്ട് കോർട്ടിലേക്കാക്കുകയുണ്ടായി. ഉടനെതന്നെ മുകുന്ദപുരം താലൂക്കിൽനിന്നു ൦൦൦ ആളുകൾചേർന്നു ഒപ്പിട്ട കൊടുത്ത ഒരു മെമ്മോറിയൽ അനുസരിച്ചു് അതു് വീണ്ടും എറണാകുളത്തക്കു മാറ്റുകയും ചെയ്തു. അങ്ങിനെയുള്ള സ്ഥിതിക്കു് ഇക്കാര്യത്തിൽ ഏതാനും ചില ആളുകളുടെ അഭിപ്രായം മാത്രം കേൾക്കാതെ ആ താലൂക്കിലെ ഭൂരിപക്ഷം വരുന്ന ആളുകളുടെ അഭിപ്രായമനുസരിച്ചു പ്രവർത്തിക്കണം എന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ പി. കെ. പോൾ: സർ, ഒരു വസ്തുവിന്റെ സാമീപ്യം കൊണ്ട് അതിനോട് കൂടുതൽ സമ്പർക്കമുണ്ടാകുക സഹജമാണ്. കള്ളിക്കാട്ട് അടുത്തുണ്ടാവുകയാണെങ്കിൽ കടിയന്നാർ അധികമായിരിക്കുക പതിവാണ്. കള്ളിക്കാട്ട് അകലെ ആയിരുന്നാൽ അവിടെ പോയി കടിക്കാൻള്ള വിഷമംകൊണ്ട് കടിയന്നാർ കുറവാകും. അതുപോലെതന്നെ കോടതികൾ അടുത്തിരിക്കുന്നതുകൊണ്ട് വ്യവഹാരങ്ങൾ വർദ്ധിക്കുന്നതിന്ന വകയില്ലേയെന്ന് എനിക്ക സംശയമുണ്ട്. ആയതുകൊണ്ട കോടതികൾ കൊച്ചീരാജ്യത്ത് ഇല്ലാതിരിക്കുകയാണ് നന്ന്. ന്യായം കിട്ടുന്നതിന്നുവേണ്ടി കോടതിയെ അയം പ്രാപിക്കുന്ന ആളിന്ന് അന്യായക്കാരൻ എന്ന പേരുകൊടുക്കുന്ന സ്ഥിതിക്ക് വ്യവഹാരം എന്ന പറയുമ്പോൾ എനിയ്ക്കത്ര രുചിക്കുന്നില്ല. പക്ഷെ, ഞാൻ മുകുന്ദപുരം താലൂക്കുകാരനായതുകൊണ്ട അവിടത്തുകാക്ക കോടതി വേണമെന്ന അഭിപ്രായമുള്ള സ്ഥിതിക്ക് ആ കോടതിയിന്മേലുള്ള അപ്പീലധികാരം തൃശ്ശൂക്ക വയ്ക്കുന്നതാണ നല്ലത്. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ അവർകളുടെ അഭിപ്രായഗതിയോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. എറണാകുളത്തെ കോടതികളിൽ ചിലത മുകുന്ദപുരം താലൂക്കിലേക്ക മാറിയാൽ അതിനേക്കാൾ കൂടുതൽ അടുപ്പം വരുകയില്ലേ എന്നാണ് ചിലർ ചോദിക്കുന്നത്. എറണാകുളത്തുള്ള ഹൈക്കോടതിയും ഡിസ്ട്രിക്ട് കോടതികളും അധികം താമസം കൂടാതെ അങ്ങോട്ട വരുകതന്നെ ചെയ്യും. കാരണം ചിന്താഗതിയുള്ള ആളുകൾക്ക മനസ്സിലാക്കുവാൻ സാധിക്കും ഇവിടം ഒരു വലിയ നാവിക ഗുഹമുഖമായി തീരുമെന്നുള്ളത്. അപ്പോൾ ഈസ്ഥലങ്ങൾ അതിന്റെ ആവശ്യത്തിനുവേണ്ടി എടുക്കാതെ തരമില്ല. അപ്പോൾ കോടതികൾ അങ്ങോട്ട പോകേണ്ടതായിവരും. ചാലക്കുടി, ഇരിങ്ങാലക്കുട മുതലായസ്ഥലങ്ങളാണ് കൊച്ചിയുടെ മദ്ധ്യപ്രദേശം. അവിടേക്ക കോടതികൾ മാറുന്നതായാൽ കൂടുതൽ സൌകര്യമുണ്ടായിരിക്കുന്നതാണ്. എതായാലും മുകുന്ദപുരം താലൂക്കിലെ കോടതികളുടെ അപ്പീലധികാരം തൃശ്ശൂർതാലൂക്കിലേക്കതന്നെ ചേർക്കുകയാണ് വേണ്ടത് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

***Mr. P. Govinda Menon** *(Minister for Finance and Law)*: Till the year 1095, the Mukundapuram Taluk was under the Anjikaimal jurisdiction. In that year in order to equalise the work of the Trichur and Anjikaimal District Courts Government ordered that the jurisdiction of the Mukundapuram Taluk may be transferred to the Trichur District Court. Accordingly from the month of Edavam 1095 cases from the Mukundapuram Taluk went to the Trichur District Court. Subsequently, there were complaints from the people of Mukundapuram—I do not know whether 30,000 persons signed a petition but some persons moved Government immediately after this transfer of jurisdiction and immediately before that also, But whether it be on account of that petition or not, I do not know, in the year 1100 *i.e.*, five years later, the jurisdiction was again transferred to the Anjikaimal Division. The present request is that the jurisdiction may be re-transferred to the Trichur District Court. On this matter as is very natural the legal practitioners at Ernakulam and Trichur may disagree for obvious reasons. But so far as Government is concerned the supreme question will be what is the public interest in this matter and what is the administrative convenience, how will the convenience of judicial administration be affected, which way would it lie. The weighty considerations raised by laymen, *i.e.*, members who are not advocates, persons like the Hon'ble Member for Irinjalakkuda, the Hon'ble Member for Aloor and the Hon'ble Member for Kodasseri, are certainly entitled to consideration. But in matters like this, I hope the House will agree, the administrative convenience also must be consulted. And probably the opinion which the High Court may have to give on this matter will be very important. Government have had no occasion to investigate this matter. As a matter of fact the cut motion was received only a few days back, probably three or four days back; and this is a matter which cannot be decided on the floor of the House or in one or two days. The statistics will have to be looked into, how it will affect the expenditure of judicial administration will have to be looked into, the opinion of the Judges of the High Court will have to be considered. But I can assure the House that the matter having come up before Government again, will be considered and that which will sub-serve the maximum of public interest will be done. With this assurance I request the Hon'ble Member not to press the motion to a division and thereby tie the hands of the Government.

Mr. C. V. Iyyu *(Kunnamkulam)*: I wish to suggest that if jurisdiction is transferred Pulloot may be transferred to Trichur and Edavilangu, although it is part of Mukundapuram, to Ernakulam, because it will be more convenient.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഈ ഉപക്ഷേപത്തിന്ന വിഷയമായ അധികാരം ഹൈക്കോട്ടിന്ന വിധേയമായതുകൊണ്ടും നമ്മുടെ ഗവണ്മെണ്ട ഇതിനെസംബന്ധിച്ച അവഗാഢപൂവ്വം ആലോചിക്കാമെന്ന പറഞ്ഞതുകൊണ്ടും ഈ സഭയുടെ അനുമതിയോട കൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Demand, put and carried.

IV. 12—Law and Justice (Cranganur)

Mr. P. Govinda Menon *(Minister for Finance and Law):* Sir, I move that an amount of Rs. 21,690 be granted to Government under 12, Law and Justice, Cranganur.

Mr. E. Ikkanda Warriar *(Prime Minister):* I second it.

Demand, put and carried.

V. 19—Accounts and Audit

Mr. P. Govinda Menon *(Minister for Finance and Law):* I move that an amount of Rs. 1,26,120 be granted to Government under 19, Accounts and Audit.

Mr. E. Ikkanda Warrier *(Prime Minister):* I second it.

Demand, put and carried.

VI. 21—Jail

Mr. E. Ikkanda Warriar *(Prime Minister):* Sir, I move for an amount of Rs. 1,09,083 under 21, Jail.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

CUT MOTION

Mr. A. K. George *(Kattur):* I want to move the cut motion standing in my name under Jails. To reduce the allotment of Rs. 1,09,083, for Jails in Demand No. 21 by Re. 1. The indispensable necessity of opening Borstal Institutions in the State for the training and improvement of the Juvenile Offenders.

I have very great pleasure to move the only cut motion on the Department of Jails with the feeling that excepting this lack of reformatory schools for juvenile offenders in the State that our jails are working quite nicely. Sir, at the very outset I may be permitted to pay a very warm tribute to the old lady member of our House Dr. (Mrs.) Francis for having tabled a cut motion in the last Assembly. But unfortunately the Government has not implemented her cut demand. Sir, I am moving this cut motion in the light of the provisions which are already there in the Children's Act which has taken a place in the Statute Book of Cochin. This problem of juvenile offenders is quite different from the problem of ordinary offenders. I want to draw the attention of the House to the difficulties of not having a reformatory school for giving out a certain amount of a healthy atmosphere in which our juvenile offenders must be allowed to grow up to train themselves as citizens of whom this State can be proud. In this connection I am afraid to quote from scriptures or books before the Hon'ble Member for Finance because I feel, he has not much regard for reading of text-books but still I want to draw the attention of the House to the famous book on juvenile offenders by Justice Lindsay. I think there are instances shown by Justice Lindsay an eminent American who is supposed to be an authority on juvenile delinquency. He says that there are instances where ordinary juvenile offenders once punished and taken to reformatory schools in America have occupied very high positions. He gives an instance of an ordinary juvenile delinquent who was punished and taken to such a school in Philadelphia grew up to such a highly exhalted position as to occupy the Governorship of that State.

.....Well, Sir, if steps are taken in this direction by our Government, I have no doubt that in no distant future some lucky brilliant juvenile offenders will be occupying the Treasury Bench as one of the Prime Ministers of the State in the future generation.

Mr. C. V. Iyyu *(Kunnamkulam):* One of the 5 Ministers.

Mr. A. K. George *(Kattur):* No. Even as the Prime Minister.

Sir, two difficulties that can be raised by the Government may be these; that there is lack of finance to open a Borstal school but this can be easily tided over by sending juveniles to the schools at Madras. If sufficient accommodation for juvenile offenders of Madras could not be got why not the Government give proper aid to orphanages and Ashrams which if proper

LIBRARY ARCHIVES Kerala Legislative Assembly